കോളക്കോടൻ കുടുംബസംഗമം

സപ്ലിമെന്റ്

2016 സെപ്തംബർ 14 (ബുധൻ)

ഹിൽഫോർട്ട് ഓഡിറ്റോറിയം, പത്തനാപുരം

ആത്മനിർവൃതിയോടെ

കെ.കെ. ഹഫീസ്
(ജനറൽ കൺവീനർ)

അഞ്ച് വർഷത്തിന് ശേഷം കോളക്കോടൻ കുടുംബം വീണ്ടും ഒത്തുചേരുകയാണ്. ഇടവേളകൾ വല്ലാതെ ദീർഘിപ്പിക്കാതെ ഒത്ത് ചേരണമെന്നത് നമ്മുടെ തീരുമാനമായിരുന്നു. അതിന്റെ സാക്ഷാൽക്കാരമണ് ഈ രണ്ടാം കുടുംബസംഗമം. പ്രഥമ കുടുംബ സംഗമം സംഘടിപ്പിക്കുമ്പോൾ നാം പല ലക്ഷ്യങ്ങളും മുമ്പിൽ കണ്ടിരുന്നു; പല തീരുമാനങ്ങളും എടുത്തിരുന്നു. അവയൊക്കെ എത്രത്തോളം സാക്ഷാൽക്കരിക്കാനായി എന്ന് കണക്കെടുക്കേണ്ട സമയം കൂടിയാണിത്.

ഒരു കുടുംബത്തെ മാത്രം വിളിച്ച് ചേർക്കുന്നത് ഏതെങ്കിലും ഘട്ടത്തിൽ കുടുംബപക്ഷപാതിത്തമായിപ്പോകുമോ എന്ന നേരിയൊരു ആശങ്ക തുടക്കത്തിൽ ചിലർക്കെങ്കിലും ഉണ്ടായിരുന്നു. അത്തരം ആശങ്കകൾക്ക് അടിസ്ഥാനമില്ലെന്ന് തെളിഞ്ഞ് കഴിഞ്ഞു. നമ്മുടെ പ്രഥമസംഗമത്തിൽ നിന്ന് ആവേശം ഉൾക്കൊണ്ട് കീഴുപറമ്പിലും, കുനിയിലും ചില വലിയ കുടും ബങ്ങൾ ഒത്തുചേരുകയുണ്ടായി. തലമുറകൾ മാറുമ്പോൾ അകന്നുപോവുകയും തിരിച്ചറിയാതാവുകയും ചെയ്യുന്ന കുടുംബക്കാരെ കണ്ടെത്താനും, പരിചയപ്പെടാനും മറ്റൊരു മാർഗ്ഗമില്ലെന്ന തിരിച്ചറിവിൽ നിന്നായിരുന്നു ഈ ഒത്തുചേരലുകൾ.

കുടുംബ ബന്ധം ചേർക്കുക എന്ന മഹത്തായ ആശയമാണ് ഏതൊരു കുടുംബസംഗമത്തിന്റെയും ആത്മാവ്. കാണലും, അറിയലും, പരിചയപ്പെടലും ബന്ധം ചേർക്കുന്നതിന്റെ ഒരു ഭാഗം മാത്രം. ആ ഉദ്ദേശ്യാർത്ഥമാണ് കഴിഞ്ഞ സംഗമത്തിൽ നാം കോളക്കോടൻ കുടുംബ ഡയറക്ടറി പുറത്തിറക്കിയത്. കുടുംബാംഗങ്ങളുടെ കിട്ടാവുന്നിടത്തോളം വിവരങ്ങളും ഫോട്ടോകളും നാമതിൽ ചേർത്തിട്ടുണ്ട്. പുതിയ അംഗങ്ങൾ വന്നുകൊണ്ടിരിക്കുന്നതിനാൽ ഏറെ വൈകാതെ നമുക്കത് പരിഷ്കരിക്കേണ്ടി വരും. ഇത്ര ശാസ്ത്രീയമായി തയ്യാറാക്കിയ മറ്റൊരു കുടുംബ ഡയറക്ടറി കാണാനിട വന്നിട്ടില്ല. ഡയറക്ടറി ഇനിയും വായിച്ചിട്ടില്ലാത്തവർ അതിന് സമയം കണ്ടെത്തണം. അപ്പോഴേ കുടുംബത്തെക്കുറിച്ച സമഗ്രമായ ഒരു ചിത്രം നമുക്ക് ലഭിക്കൂ.

കുടുംബത്തിൽ പ്രയാസപ്പെടുന്നവരെ സഹായിക്കും എന്നതായിരുന്നു നാമെടുത്ത ഒരു പ്രധാന തീരുമാനം. ബന്ധം ചേർക്കുന്നതിന്റെ പ്രധാന വശവും അതാണ്. അതിന് വേണ്ടി പ്രത്യേക സമിതിയും നാം രൂപവത്ക്കരിക്കുകയുണ്ടായി. സഹായാഭ്യർത്ഥനയ്ക്ക് നല്ല പ്രതികരണമാണ് കുടുംബാംഗങ്ങളിൽ നിന്ന് ഉണ്ടായിട്ടുള്ളത്. ഇത് വരെ നടന്ന അത്തരം സേവന പ്രവർത്തനങ്ങളുടെ സമഗ്ര റിപ്പോർട്ടും നാം ഈ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ, സാംസ്കാരിക, കലാ-കായിക, കാർഷിക മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിച്ച കുടുംബത്തിലെ പ്രതിഭകളെ നാമീ സംഗമത്തിൽ ആദരിക്കുന്നുണ്ട്. അവരെ കുറിച്ച് സംക്ഷിപ്തമായ ചെറു വിവരണം നാമിതി ൽ കൊടുത്തിട്ടുണ്ട്.

നിങ്ങളുടെയെല്ലാവരുടെയും താങ്ങും സഹായവും സഹകരണവുമാണ് ഈ സംഗമത്തിന്റെ എല്ലാം. എല്ലാവരും തുല്ല്യ അളവിൽ ഇതിന്റെ നടത്തിപ്പുകാരാണ്. വീഴ്ചകളും പോരായ്മകളും ചൂണ്ടിക്കാണിക്കാൻ മടിക്കരുത്. പുതിയ നിർദ്ദേശങ്ങളും സമർപ്പിക്കണം. എല്ലാ അർത്ഥത്തിലും ഒരു കൂട്ടായ്മയായി ഇതിനെ നമുക്ക് വികസിപ്പിക്കാനാവുമെങ്കിൽ, ഈ നല്ല മാതൃകക്ക് മറ്റു കുടുംബങ്ങളിലും പിന്തുടർച്ചകൾ ഉണ്ടാവുമെന്ന് നാമോർക്കണം.

വിടപറഞ്ഞവർ 2010–2016

കടംപള്ളിയാളി വീരാൻകുട്ടി (വയനാട്)

കെ.കെ. അബ്ദുല്ല (വടക്കുംമുറി)

പൊറ്റമ്മൽ അസൈൻകുട്ടി (കുനിയിൽ)

പട്ടാക്കൽ മമ്മദ്കുട്ടി (തൃക്കളയൂർ)

കെ.പി. അബ്ബൂഹാജി (കീഴുപറമ്പ്)

India's No.1 Roofing Brand

Areacode-Mukkom Road, KUTOOLI
Ph: 0483 2859234, Mob: 8943 74 34 53
lamittiles@gmail.com | www.lamitgroup.com

LAMIT
TILES & SANITARY
ടൈൽസ് & സാനിറ്ററി ഉൽപന്നങ്ങളുടെ ഏറ്റവും കൂടുതൽ കളക്ഷൻ

- Lamit Roof
- Lamit Pool
- Lamit AAC Block
- Floor Tiles
- Wall Tiles
- Granites
- Claddings
- Exterior Stone
- Shingles (Malarky)
- Pebbles
- CP Fittings
- Sanitary

Authorised Dealership in RAK

LAMITROOF

പേജ് 3ൽ നിന്ന് തുടർച്ച

പുതു നൂറ്റാണ്ടിൽ നമ്മുടെ നാഗരിക ദൗത്യം, ഹിന്ദുത്വവും ഇന്ത്യൻ മുസ്‌ലിംകളും, ഇഖമത്തുദ്ദീനിന്റെ ഭൂമിക, ബഹുസ്വരതും ഇന്ത്യൻ മുസ്‌ലിംകളും, കാളരാത്രികൾ (നോവൽ) തുടങ്ങി അരഡസനിലധികം കൃതികൾ ഇംഗ്ലീഷിൽ നിന്നും അറബിയിൽ നിന്നും വിവർത്തനം ചെയ്തു. 'ഐ.എസ് എന്ത് കൊണ്ട് ഇസ്‌ലാമല്ല' ഏറ്റവും പുതിയ കൃതി.

മുജീബ് റഹ്മാൻ കെ.കെ

പൊറ്റമ്മൽ കിളിയാൽ തൊടി മാനു എന്ന മുഹമ്മദിന്റെ നാലാമത്തെ മകൻ. ഇന്ത്യൻ ആർമിയിൽ ജോലി. Rowing മത്സരത്തിൽ ഒട്ടേറെ മെഡലുകൾ നേടിയിട്ടുണ്ട്. രാജ്യാന്തര തലത്തിൽ ഒരു വെള്ളി മെഡലും മൂന്ന് വെങ്കല മെഡലുകളും ലഭിച്ചിട്ടുണ്ട്. ദേശീയ റോവിംങ് മത്സരത്തിൽ ഒമ്പത് ദേശീയ മെഡലുകളും അഞ്ച് വെള്ളി, രണ്ട് വെങ്കല മെഡലുകളും. 2002-ൽ നടന്ന ഏഷ്യൻ ഗെയിംസിൽ നാലാം സ്ഥാനം നേടി. ഇപ്പോൾ പൂനെയിൽ ഇന്ത്യൻ റോവിംങ് ടീമിന്റെ പരിശീലകൻ.

ശിഹാബുദ്ദീൻ കെ.

ചെറിയപിച്ച മണ്ണിൽ നെല്ലേരിക്കുന്നത്ത് കുടുംബത്തിലെ മൊയ്തീൻ കുട്ടിയുടെ മകൻ. ഇന്റർനാഷണൽ Taekwon-do ഫെഡറേഷൻ കേരള സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച Taekwon-do മത്സരത്തിൽ 2014, 2015 വർഷങ്ങളിൽ തുടർച്ചയായി രണ്ട് തവണ സ്വർണ്ണ മെഡൽ കരസ്ഥമാക്കി. ഈ വർഷം നടന്ന Taekwon-do സൗത്ത് ഏഷ്യൻ മത്സരത്തിൽ 3-ാം സ്ഥാനം നേടുകയുണ്ടായി.

സലീൽ കെ.കെ

കോളക്കോട് കുടുംബ (2) ത്തിലെ വടക്കുംമുറി മുഹമ്മദലി സാഹിബിന്റെ രണ്ടാമത്തെ മകൻ. ഫുട്‌ബോൾ താരം. 2005-2006 വർഷത്തിൽ അലീഗഢ് മുസ്‌ലിം യൂണിവേഴ്‌സിറ്റി ഫുട്‌ബോൾ ടീമിൽ. 2006 മുതൽ 2010 വരെ കാലിക്കറ്റ് യൂണിവേഴ്‌സിറ്റി ഫുട്‌ബോൾ ടീം ക്യാപ്റ്റനായിരുന്നു. 2012, 2013 വർഷത്തിൽ കേരളത്തിനു വേണ്ടി സന്തോഷ് ട്രോഫിയിൽ ബൂട്ടണിഞ്ഞു. കട്ടക്കിൽ (ഒറീസ) നടന്ന മത്സരത്തിൽ സെമി. ഫൈനൽ വരെയും കൊച്ചി കലൂർ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഫൈനൽ വരെയും കളിച്ചു. മലപ്പുറം ജില്ലക്ക് വേണ്ടി അഞ്ച് തവണ ടീം ക്യാപ്റ്റൻ പദവി അലങ്കരിച്ചു. കേരള എജിക്ക് വേണ്ടി കളിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ ഇന്ത്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ടന്റ് ഡിപ്പാർട്ട്‌മെന്റിൽ അസി. ഓഡിറ്റ് ഓഫീസർ

റിബാസ് മൊസാഹി കെ.കെ

പൊറ്റമ്മൽ കിളിയൽ തൊടി മൊയ്തീൻ കുട്ടിയുടെ മകൻ. നടത്തത്തിൽ സംസ്ഥാന-ദേശീയ മത്സരങ്ങളിൽ നിരവധി പുരസ്‌കാരങ്ങൾ സ്വന്തമാക്കിയ കായികതാരം. 2006 സംസ്ഥാന സ്‌കൂൾ കായികമേളയിൽ ഒന്നാം സ്ഥാനം, 2013-ൽ യൂണിവേഴ്‌സിറ്റിതല ഇന്റർ കോളേജ് 20 കി.മി നടത്ത മത്സരത്തിൽ ഒന്നാം സ്ഥാനം.2014 ൽ ഇന്റർ കോളേജ്, ആൾ ഇന്ത്യാ യൂണിവേഴ്‌സിറ്റി മത്സരങ്ങളിൽ 20 കി.മി നടത്തത്തിൽ ഒന്നാമതെത്തി. 2015-ലെ ഇന്റർ കോളേജ് സ്‌പോർട്‌സിൽ റെക്കാർഡോടെ ഒന്നാമനാവാനും ഈ ചെറുപ്പക്കാരന് കഴിഞ്ഞു.

അഞ്ച് ഏക്കറോളം വരുന്ന കോളക്കോട് പറമ്പ് ഒരു ജന്മ ഭൂമിയാണ്. ചുറ്റുപാടുമുള്ള ഭൂമികളെല്ലാം മറ്റു പല ഇല്ലങ്ങളുടെയും കോവിലകങ്ങളുടേയും പേരിലാണ് ജന്മം. സർക്കാർ നികുതി രജിസ്റ്ററിൽ നമ്മുടെ പറമ്പിന്റെ പേര് കോളക്കോട് മനയിൽ കുടിയിരിപ്പ് പറമ്പ് എന്നാണ്. ഇതിന്റെ തെക്ക് ഭാഗത്ത് ഉയർന്നു നിൽക്കുന്ന വലിയചെങ്കൽ പാറകളാണ്. അവക്കിടയിൽ വലിയ ഗുഹകളും, മാളങ്ങളും ഉണ്ടായിരുന്നു. ആദ്യ കാലത്ത് അവ വന്യജീവികളുടെ ആവാസകേന്ദ്രങ്ങളായിരുന്നു. മുള്ളൻ പന്നിയേയും മറ്റും വേട്ടയാടിപ്പിടിച്ചിരുന്നു.

ഈ പറമ്പിൽ വെച്ചാണ് 1921 മലബാർ കലാപ കാലത്ത് കോളക്കോടൻ കുടുംബത്തിലെ ഒരംഗത്തെ ബ്രിട്ടീഷ് പട്ടാളം വെടിവെച്ചു കൊന്നത്. അന്നുണ്ടായിരുന്ന തറവാട് അവർ തീ വെച്ച് നശിപ്പിക്കുകയും ചെയ്തു. ഈ പറമ്പിന്റെ അടി ഭാഗത്തായിരുന്നു തറവാട് വീട്. മമ്മദ് എന്ന് പറയുന്ന വല്ല്യാപ്പക്ക് നാല് ആൺ മക്കളാണുണ്ടായിരുന്നത്. മൂത്തമകൻ കുട്ട്യസ്സൻ കുന്നത്തേക്ക് താമസം മാറ്റി. അഹമ്മദ് കുട്ടി എന്നയാൾ ജോലി തേടി വയനാട്ടിൽ പോവുകയും പനി പിടിപ്പെട്ടു മരിക്കുകയുമാണുണ്ടായത്. എന്റെ ബാപ്പ പുരയുണ്ടാക്കിയിരുന്നത് പറമ്പിന്റെ തെക്കു ഭാഗത്തായിരുന്നു. കൂലി വേലയിലൂടെ കിട്ടുന്നതാണ് ജീവിത വരുമാനം. രാവിലെ 7 മണിക്ക് തുടങ്ങി 5 മണി വരെ പണിയെടുത്താൽ കാൽ ഉറുപ്പികയാണ് എനിക്കോർമ്മവെച്ചപ്പോൾ ബാപ്പയുടെ ദിവസക്കൂലി. ദിവസവും പണിയുണ്ടാവില്ല.

അന്ധവിശ്വാസങ്ങൾ കൊടികുത്തി വാഴുന്ന കാലം. വീട്ടിൽ രോഗങ്ങൾ വിട്ടു മാറാത്ത സ്ഥിതിയാണ്. ഞങ്ങളുടെ സഹോദരി നേരത്തെ മരിച്ചിരുന്നു. പിന്നെ ഉമ്മക്കായി രോഗം. വൈദ്യന്മാരെ കാണിച്ചു ചികിൽസിക്കുന്ന പതിവ് കുറവാണ്. ഏതെങ്കിലും ഗണിതക്കാരെയും, ജ്യോൽസ്യന്മാരെയുമാണ് സമീപിക്കുക. അവർ ഗണിച്ചു പറയുന്നത് അനുസരിച്ചാണ് പ്രവർത്തിക്കുക. ഗണിച്ചു പറഞ്ഞത് ഇത്രയുമാണ്: വീടു വെച്ച സ്ഥലം താമസയോഗ്യമല്ല. തേർ പോക്കുള്ള സ്ഥലമാണ്. നാലുപാടും കാവുകളും ചുടലകളും മറ്റുമാണ്. അവ പിശാചുക്കളുടെ സംഗമ സഞ്ചാര വീഥികളാണ്. പുള്ളിക്കരിയൻ കാവിലും ചെമ്പായിക്കാവിലുമൊക്കെ കൊട്ടും കൊടുതിയും നടക്കുന്ന കാലം. ഉമ്മയുടെ രോഗം മൂർഛിച്ചു. ഒരു തങ്ങളുടെ ചികിത്സയിലായിരുന്നു. അവസാനം അദ്ദേഹം പറഞ്ഞു, കുടുംബത്തിൽ കുരിക്കന്മാരെ സേവിച്ചിരുന്നു, അത് തുടരണം, ഇപ്പോൾ നിങ്ങളവരെ കടപ്പുറം ആശുപത്രിയിൽ കൊണ്ടുപോകണം. അങ്ങിനെ കൊണ്ട് പോയി അഡ്മിറ്റ് ചെയ്തു. കുറച്ച് ദിവസങ്ങൾ കൊണ്ട് സുഖമായി വീട്ടിലേക്ക് മടങ്ങി. രണ്ടാഴ്ചക്കുള്ളിൽ രോഗം വീണ്ടും വർധിക്കുകയും മരിക്കുകയുമാണ് ഉണ്ടായത്.

Sudheer K.K
Mob : 9497 01 3333
8594 01 3333

Shop : 0483 2859177
sudheerkarangadan@gmail.com

K.K.TRADERS
ALL CEMENTS & STEELS
Wholesale & Retail
KUTTOOLY, Valillapuzha (P.O)

GI Pipe, GI Sheet, Traford Sheet, Industrial Items etc...

ACC Limited · Dalmia Bharat · Zuari Cement Italcementi Group · Malabar · Kalyani · Peekay Steel · Oshun

PLYWOOD
VENEER
DOOR
MDF
MICA
HANDLE
LOCK

ENOX CHANGE THE HARDWARE SYSTEMS
KERALA DISTRIBUTOR

KITCHEN-SHOWER-SLIDING-FOLDING ACCESSORIES

BLUE MARINE
PH: 89 07 89 89 89 KUTTOOLI